കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത് 2011-12 കാലഘട്ടത്തിൽ നടപ്പിലാക്കിയ അംഗൻവാടികൾക്ക് കളിക്കോപ്പ് വാങ്ങൽ എന്ന പ്രോജക്ടിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ)2174/2016/തസ്വഭവ** **തിരുവനന്തപുരം, തീയതി,20.07.2016**

---

പരാമർശം: ഗ്രാമവികസന കമ്മീഷണറുടെ 04.12.2015 ലെ 2115/ ഡി.പി 2/2014/സിആർഡി നമ്പർ കത്ത്

**ഉത്തരവ്**

തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത് 2011-12 കാലഘട്ടത്തിൽ നടപ്പിലാക്കിയ അംഗൻവാടികൾക്ക് കളിക്കോപ്പ് വാങ്ങൽ എന്ന പ്രോജക്ട് നടപ്പിലാക്കിയത് ബ്ലോക്ക് പഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽപ്പെടാത്തതിനാൽ ലോക്കൽ ഫണ്ട് ഓഡിറ്റ് തടസ്സവാദം ഉന്നയിക്കുകയും ടി പ്രോജക്ടിനായി ചെലവഴിച്ച തുകയായ 1,00,000/- (ഒരു ലക്ഷം) രൂപയ്ക്ക് സർക്കാർ സാധൂകരണം ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ആയതിന്മേൽ സാധൂകരണത്തിനായുള്ള തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷ പരാമർശം പ്രകാരം ഗ്രാമവികസന കമ്മീഷണർ ശുപാർശ ചെയ്തിട്ടുണ്ട്.

2) അംഗൻവാടികൾക്ക് കളിക്കോപ്പ് വാങ്ങുന്നതിനായി 2011-12-ൽ ഏറ്റെടുത്ത പദ്ധതിക്ക് ഭരണാനുമതി ലഭിക്കുകയും ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടുകയും ചെയ്തിരുന്നു. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണെങ്കിൽ കൂടി പദ്ധതിയുടെ ഉദ്ദേശ്യശുദ്ധി കണക്കിലെടുത്തും കേന്ദ്ര സർക്കാർ അംഗീകാരമുള്ള ഇടുക്കി ജില്ല കോ-ഓപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോറിൽ നിന്നുമാണ് ഈ ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളതെന്നും പരിഗണിച്ച് നിലവിലുള്ള ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനായി മേൽപ്പറഞ്ഞ പ്രോജക്ടിന് സർക്കാരിന്റെ സാധൂകരണം ലഭ്യമാക്കുന്നതിനുള്ള സെക്രട്ടറിയുടെ അഭ്യർത്ഥന പരിഗണിക്കാവുന്നതാണെന്ന് ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേവലം ഒരു ലക്ഷം രൂപ അടങ്കലുള്ള പ്രസ്തുത പദ്ധതി നടപ്പിലാക്കിയത് മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണെങ്കിൽ കൂടി പദ്ധതിയുടെ ഉദ്ദേശ്യശുദ്ധി കണക്കിലെടുത്തും സുതാര്യമായ പർച്ചേസിംഗ് രീതി പരിഗണിച്ചും തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത് 2011-12 കാലഘട്ടത്തിൽ നടപ്പിലാക്കിയ അംഗൻവാടികൾക്ക് കളിക്കോപ്പ് വാങ്ങൽ എന്ന പ്രോജക്ടിന് സാധൂകരണം നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ഡി.സന്തോഷ്
ഡെപ്യൂട്ടി സെക്രട്ടറി

ւ0

1) ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
3) അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
4) പ്രസിഡന്റ്/സെക്രട്ടറി, തൊട്ടുപുഴ ബ്ലോക്ക് പഞ്ചായത്ത്
5) ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
6) കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്